**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോങ്ങാട് എം.എൽ.എ.യുടെ 2015-2016 വർഷത്തെ എം.എൽ.എ.-എ.ഡി.എസ്. പദ്ധതിയിലുൾപ്പെട്ട "നീലാഞ്ചേരി - പള്ളിപ്പാറ റോഡ്" എന്ന പ്രവൃത്തിക്ക് പകരം "കേരളശ്ശേരി -ഹൈസ്കൂൾ റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

**സ.ഉ.(സാധാ) നം.1175/2023/LSGD തീയതി,തിരുവനന്തപുരം, 06-06-2023**

---

പരാമർശം:-

1) 20.01.2016-ലെ സ.ഉ.(സാധാ.)നം.214/2016/ത.സ്വ.ഭ.വ.
2) 04.08.2018-ലെ സ.ഉ.(അച്ചടി)നം.119/2018/ധന
3) 31.12.2021-ലെ സ.ഉ.(സാധാ)നം.8564/2021/ധന
4) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.01.2022-ലെ DB6/438/2022/CE/LSGD-നമ്പർ കത്ത്
5) 09.02.2022-ലെ സ.ഉ.(സാധാ.)നം.869/2022/ധന

**ഉത്തരവ്**

കോങ്ങാട് എം.എൽ.എ.യുടെ 2015-2016 വർഷത്തെ എം.എൽ.എ.-എ.ഡി.എസ്.-പദ്ധതിയിലുൾപ്പെട്ട "നീലാഞ്ചേരി - പള്ളിപ്പാറ റോഡ്, കേരളശ്ശേരി ഗ്രാമപഞ്ചായത്ത്" എന്ന പ്രവൃത്തിക്ക്, പരാമർശം (1) പ്രകാരം, 25 ലക്ഷം രൂപയുടെ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിച്ചിരുന്നു എന്നും എന്നാൽ ടി പ്രവൃത്തിക്ക് സ്ഥലം ലഭ്യമാകാത്തതിനാൽ പ്രസ്തുത പ്രവൃത്തി "കുന്നങ്കാട് - പള്ളിപ്പാറ റോഡ്" എന്നാക്കുവാൻ ബഹു.കോങ്ങാട് എം.എൽ.എ. നിർദ്ദേശിച്ചിരുന്നു എന്നും എന്നാൽ ഈ പ്രവൃത്തിയിലും K.L.U.-ഇല്ലാത്തത് മൂലം സ്ഥലം ലഭ്യമായിട്ടില്ല എന്നും അതിനാൽ "കുന്നങ്കാട് - പള്ളിപ്പാറ റോഡ്" എന്ന പ്രവൃത്തിക്ക് പകരം "കേരളശ്ശേരി - ഹൈസ്കൂൾ റോഡ്" എന്നാക്കി മാറ്റി ഭരണാനുമതി നൽകണമെന്ന് ബഹു.കോങ്ങാട് എം.എൽ.എ. നിർദേശിച്ചിട്ടുണ്ട് എന്നും അതിനാൽ "നീലാഞ്ചേരി - പള്ളിപ്പാറ റോഡ്"-എന്ന പ്രവൃത്തിക്ക് പകരം "കേരളശ്ശേരി - ഹൈസ്കൂൾ റോഡ്"-എന്ന പ്രവൃത്തിക്ക് ഭരണാനുമതി നല്കണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കോങ്ങാട് നിയോജകമണ്ഡലത്തിലെ 2015-16 വർഷത്തെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച്, പരാമർശം (1) പ്രകാരം, ഭരണാനുമതി നൽകിയ "നീലാഞ്ചേരി - പള്ളിപ്പാറ റോഡ് നിർമ്മാണം" എന്ന പ്രവൃത്തി നടന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തിക്കൊണ്ട്, പരാമർശം (3) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പകരം "കേരളശ്ശേരി ഹൈസ്കൂൾ റോഡ് റീടാറിങ്, കോൺക്രീറ്റ് വൈഡനിംഗ്"-എന്ന പ്രവൃത്തിക്ക് ഭരണാനുമതി തുകയിൽ വ്യത്യാസം വരാതെ, പരാമർശം (2) പ്രകാരമുള്ള, ഉത്തരവിലെ മാർഗരേഖയിൽ ഇളവുവരുത്തി അനുമതി നൽകാമെന്ന് പരാമർശം (5) പ്രകാരം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, പരാമർശം (1) പ്രകാരം, 25 ലക്ഷം രൂപയുടെ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിച്ചിട്ടുള്ള "നീലാഞ്ചേരി - പള്ളിപ്പാറ റോഡ് എന്ന പ്രവൃത്തിക്ക്" പകരം "കേരളശ്ശേരി - ഹൈസ്കൂൾ റോഡ് റീടാറിങ്, കോൺക്രീറ്റ് വൈഡനിംഗ് എന്ന പ്രവൃത്തിക്ക്" ഭരണാനുമതി തുകയിൽ വ്യത്യാസം വരാതെ നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Reenamma P A

Date: 06-06-2023 13:15:45

സെക്ഷൻ ഓഫീസർ